**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3917** **15-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | **സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ പദ്ധതി (Quality Improvement Initiative) ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് നടപ്പിലാക്കിയത്. എമർജൻസി കെയർ, ചെസ്റ്റ് പെയിൻ സ്ട്രോക്ക് യൂണിറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വിവിധ മെഡിക്കൽ കോളേജുകളിലെ സീനിയർ ഡോക്ടർമാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റ് മെഡിക്കൽ കോളേജുകളിൽ കൂടി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | അത്യാഹിത വിഭാഗങ്ങളെ രോഗീ സൗഹൃദമാക്കുന്നതിന് ഊന്നൽ നൽകി സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ ആദ്യ ഘട്ടമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗത്തിന്റെ തീവ്രത അനുസരിച്ച് വിവിധ മേഖലകളായി തിരിച്ച് ഡോക്ടർമാർ, നേഴ്സുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ ട്രയാജ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രോഗികളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുകയും ആവശ്യമായ പി.ആർ.ഒ മാരെ അത്യാഹിത വിഭാഗത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃക മറ്റ് മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് കൂടാതെ അത്യാഹിത വിഭാഗത്തിൽ അപകടത്തിൽപ്പെട്ട് വരുന്നവരുടെ ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാർക്ക് ATELC വഴി ട്രെയിനിംഗ് നൽകി വരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.** |
| (സി) | ഇതിനായി നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത സീനിയർ ഡോക്ടറുടെ സേവനം അത്യാഹിത | (സി) | **എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് രൂപീകരിച്ച് ട്രോമാകെയർ സംവിധാനങ്ങളോട് കൂടിയ അത്യാഹിത വിഭാഗം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | വിഭാഗങ്ങളിൽ ഉറപ്പാക്കാൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം; | | **അത്യാഹിത വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനായി വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ഡി) | ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഇത് നടപ്പാക്കി എന്നും അതിന്റെ മോണിറ്ററിംഗ് നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഇവ നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) | **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളിലും ആധുനിക ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനുള്ള കാത്ത് ലാബ്, സി.റ്റി, എം.ആർ.ഐ സ്കാൻ, ആൻജിയോഗ്രാഫി, പക്ഷാഘാതത്തിന് അടിയന്തിര ചികിത്സ നൽകുന്നതിനുള്ള സ്ട്രോക്ക് യൂണിറ്റ്, ക്യാൻസർ ചികിത്സയ്ക്ക് ഏറ്റവും ആധുനികമായ ലിനാക്ക് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടരമാരുടെ സേവനം ഉറപ്പാക്കുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനായി വകുപ്പ് മേധാവികളെയും ആശുപത്രി അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ഇ) | ഈ പദ്ധതി അനുസരിച്ച് ഡ്യൂട്ടിക്ക് ഹാജരാകാത്തവർ ഉണ്ടോ; ഹാജരാകാത്ത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | **പ്രസ്തുത പദ്ധതി അനുസരിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡ്യൂട്ടിയ്ക്ക് ഹാജരാകാത്ത ഡോക്ടരമാരുടെ വിവരം സംബന്ധിച്ച റിപ്പോർട്ട് ആശുപത്രി സൂപ്രണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനു കൈമാറിയിട്ടുണ്ട്. ആയതിൽ അന്വേഷണം പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ